ലേഖനം

•

പ്രഫ. കെ. മുഹമ്മദ്

# നേതാക്കളും അനുയായികളും

**അല്ലാഹു ഇഹലോകത്ത് വെച്ചുതന്നെ രണ്ട് കൂട്ടരെയും ശിക്ഷിച്ചു. ഫറോവയെയും പ്രഭൃതികളെയും മാത്രമല്ല, അവരുടെ ചൊൽപടിക്ക് നിന്നുകൊടുത്ത പൊതുജനത്തെയും. ശിക്ഷ നേതാക്കൾക്കും അനുയായികൾക്കും ഒന്നുതന്നെ. ശുഐബ്, ഇബ്റാഹീം, സ്വാലിഹ്, ലൂത്ത്, മുഹമ്മദ് ഇങ്ങനെ ഏത് പ്രവാചകന്റെ ചരിത്രമെടുത്ത് പരിശോധിച്ചാലും സമാന സംഭവങ്ങൾ ആവർത്തിക്കുന്നതായി കാണാം.**

**ലോക** ചരിത്രത്തിൽ എക്കാലത്തും രണ്ട് കൂട്ടരുണ്ടായിട്ടുണ്ട്. ജനങ്ങൾക്ക് നേതൃത്വംകൊടുത്ത് അവരെ നയിച്ചുകൊണ്ട് പോകുന്ന നേതാക്കൾ. അവർ എണ്ണത്തിൽ കുറവും അറിവിലും തന്ത്രത്തിലും മുന്നിലുമായിരിക്കും. രണ്ടാമത്തെ കൂട്ടർ ഈ നേതാക്കളാൽ നയിക്കപ്പെടുന്ന, ആട്ടിത്തെളിക്കപ്പെടുന്ന അനുയായി വൃന്ദം. ഇവർ എണ്ണത്തിൽ കൂടുതലും അറിവിലും തന്ത്രത്തിലും വളരെ പിന്നിലുമായിരിക്കും. മനുഷ്യ ചരിത്രത്തിലെ സംഭവ പരമ്പരകളിൽ ഈ രണ്ട് വിഭാഗക്കാരുടെയും സാന്നിധ്യം എവിടെയും നമുക്ക് കാണാം. മതത്തിലും മതത്തിന് പുറത്തും നമുക്കിത് കാണാം. സംസ്കാരങ്ങളിലും കലയിലും രാഷ്ട്രീയത്തിലുമൊക്കെ ഇതുതന്നെയാണ് സംഭവിക്കുന്നത്.

വിശുദ്ധ ഖുർആനിൽ പ്രവാചകൻമാരുടെയും അവരുടെ സമൂഹങ്ങളുടെയും ചരിത്രം സവിസ്തരം ആവർത്തിച്ച് നമ്മെ ബോധ്യപ്പെടുത്തുന്ന ഒരു സത്യമുണ്ട്. ഒരു പ്രവാചകൻ തന്റെ ജനതയിലേക്ക് അയക്കപ്പെടുന്നു. ആ സമൂഹത്തിൽ നടമാടുന്ന അധാർമികതയെയും ദൈവധിക്കാരത്തെയും ഇല്ലായ്മ ചെയ്യാ

ൻ അദ്ദേഹം കഠിനാധ്വാനം ചെയ്യുന്നു. സത്യവും യാഥാർഥ്യവും എങ്ങനെയൊക്കെ പ്രവാചകൻമാർ അവരുടെ മുമ്പിൽ അവതരിപ്പിച്ചാലും അവിടെ എതിർപ്പുകൾ രൂപം കൊള്ളുകയായി. ഈ എതിർപ്പുകളും സത്യവിരോധവുമായി ഒരുപറ്റം പ്രമാണിമാർ / നേതാക്കൾ രംഗത്ത് വരുന്നു. അവർ സത്യത്തിനെതിരിൽ പൊതുജനത്തെ തിരിച്ചുവിടുന്നു. ജനങ്ങൾ അന്ധമായി ഈ നേതാക്കളെ അനുസരിക്കുകയും അവരുടെ പിണിയാളുകളായി പ്രവാചകൻമാരുടെ എതിർചേരിയിൽ അണിനിരക്കുകയും ചെയ്യുന്നു. തങ്ങളുടെ നേതൃത്വം ഉറപ്പിക്കാൻ വേണ്ടി ഈ പ്രമാണി വർഗം ഏത് ഹീന തന്ത്രവും പ്രയോഗിക്കുന്നു, സത്യം വളച്ചൊടിക്കുന്നു, സത്യം മൂടിവെക്കുന്നു, സത്യവിരുദ്ധമായ ആരോപണങ്ങൾ സച്ചരിതരായ പ്രവാചകൻമാർക്കെതിരെ തൊടുത്തുവിട്ട് ജനങ്ങളെക്കൊണ്ടത് ഏറ്റുപാടിക്കുന്നു. അന്നും ഇന്നും നടക്കുന്ന പ്രക്രിയയാണിത്. തെല്ലും മനസ്സാക്ഷിക്കുത്തില്ലാതെ ജനങ്ങളെ ആട്ടിത്തെളിക്കുന്ന ഈ ഏർപ്പാട്, ആലോചനയില്ലാതെ ആട്ടിത്തെളിക്കപ്പെടുന്ന പൊതുജനത്തിന്റെ അന്ധമായ വിധേയത്വം. ഇതാണ് ചരിത്രം.

അന്ത്യനാളിലെ വിചാരണക്ക് ശേഷം രണ്ട് കൂട്ടരും നരകത്തിലേക്ക് ആട്ടിത്തെളിക്കപ്പെടാനുള്ളവരാണെന്ന യാഥാർഥ്യം രണ്ട് കൂട്ടരും ഓർക്കാതെ പോകുന്നു.

ആദ് സമുദായത്തിലേക്ക് അയക്കപ്പെട്ട ഹൂദ് നബിയുടെ ചരിത്രത്തിൽ ഇങ്ങനെയൊരു സൂക്തമുണ്ട്: "അതത്രെ ആദ് വർഗം. അവർ തങ്ങളുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു. അവന്റെ ദൂതനെ ധിക്കരിച്ചു. സ്വേഛാ പ്രമത്തരും ധിക്കാരമൂർത്തികളുമായ സകലരുടെയും കൽപന പിൻപറ്റുകയും ചെയ്തു" (*ഹൂദ്* 59).

നേതാക്കൾ അധർമത്തിന്റെ മാർഗത്തിൽ തങ്ങളെ നയിച്ചപ്പോൾ, മറുചിന്തയില്ലാതെ അവരെ അനുസരിച്ച അനുയായികളും, കള്ളം കെട്ടിച്ചമച്ച് പ്രവാചകന്മാർക്കെതിരിൽ സാധുജനങ്ങളെ ഇളക്കിവിട്ട നേതാക്കളും അവസാനം എത്തിപ്പെടുന്നത് ഒരേ നരകത്തിൽ.

ഖുർആനിൽ ഏറ്റവുമധികം അധിക്ഷേപിക്കപ്പെട്ട വ്യക്തിയാണ് ഫറോവ- അക്രമി, മർദകൻ, കൊലയാളി, നാശകാരി, കുഴപ്പക്കാരൻ, ധിക്കാരി എന്നിങ്ങനെ. തന്റെ സ്വേഛാപ്രമത്തതക്കും തൻപോരിമക്കും വേണ്ടി തന്റെ നാട്ടിലെ ജനങ്ങളെ മുഴുവൻ തന്റെ ചൊൽപടിക്ക് കീഴിൽ നിർത്തി. പ്രവാചകൻ മൂസായുടെ സത്യപ്രബോധനത്തെ നേരിടുന്നതിന് ആ സാധുക്കളെ കരുവാക്കി. തന്റെ ധിക്കാരപൂർണമായ കല്പനകളെ അവരെക്കൊണ്ട് അനുസരിപ്പിച്ചു. അവർ ഒട്ടും ചിന്തയില്ലാതെ അതിന് നിന്നുകൊടുക്കുകയും ചെയ്തു. നിർബന്ധിതാവസ്ഥയിലാണെങ്കിലും തങ്ങൾ ചെയ്യുന്നത് അനീതിയും അധർമവുമാണെന്ന നേരിയ ചിന്തപോലുമില്ലാതെയാണവർ വർത്തിച്ചത്. വിശുദ്ധ ഖുർആൻ ഇക്കാര്യം പരാമർശിക്കുന്നത് ഇങ്ങനെ: "മൂസായെ നാം നമ്മുടെ ദൃഷ്ടാന്തങ്ങളും സുവ്യക്തമായ സാക്ഷ്യങ്ങളുമായി ഫറോവയിലേക്കും അവന്റെ ഭരണനേതാക്കളിലേക്കും അയച്ചു. പക്ഷേ, അവർ ഫറോവയുടെ ആജ്ഞയെ പിന്തുടർന്നു" (*ഹൂദ്* 97). ഫറോവയും പ്രമാണി വർഗവും മൂസാനബിക്കെതിരെ പട നയിച്ചപ്പോൾ അന്ധമായ വിധേയത്വം കാരണമായിരുന്നു ജനം അവരെ പിന്തുടർന്നത്. അല്ലാഹു ഇഹലോകത്ത് വെച്ചുതന്നെ രണ്ട് കൂട്ടരെയും ശിക്ഷിച്ചു. ഫറോവയെയും പ്രഭൃതികളെയും മാത്രമല്ല, അവരുടെ ചൊൽപടിക്ക് നിന്നുകൊടുത്ത പൊതുജനത്തെയും. ശിക്ഷ നേതാക്കൾക്കും അനുയായികൾക്കും ഒന്നുതന്നെ. ശുഐബ്, ഇബ്റാഹീം, സ്വാലിഹ്, ലൂത്ത്, മുഹമ്മദ് ഇങ്ങനെ ഏത് പ്രവാചകന്റെ ചരിത്രമെടുത്ത് പരിശോധിച്ചാലും സമാന

സംഭവങ്ങൾ ആവർത്തിക്കുന്നതായി കാണാം.

ഇത് സംഘടനകളുടെ കാലം. നേതാക്കളും അനുയായികളും ആവേശ ഭരിതരായി തങ്ങളുടെ പക്ഷം ജയിക്കാനും തങ്ങളല്ലാത്തവരെ എങ്ങനെയെങ്കിലും തോല്പിക്കാനും വാശിയോടെ നിലകൊള്ളുന്നു. തങ്ങളുടെ പക്ഷത്തിന്റെ നിലപാടുകളും ആശയങ്ങളും സമർഥിക്കുന്നതിന് ഏത് അസത്യവും സത്യമാക്കി അവതരിപ്പിക്കുന്നതിനും അതിന് അനുയായികളെ കൂട്ടുന്നതിനും പലർക്കും യാതൊരു മനഃസ്സാക്ഷിക്കുത്തും അനുഭവപ്പെടുന്നില്ല. കാര്യങ്ങൾ വളച്ചൊടിച്ചും പെരുപ്പിച്ച് കാണിച്ചും മൂടിവെച്ചും പ്രതിപക്ഷത്തെ അടിച്ചിരുത്തി തന്ത്രങ്ങൾ മെനയുന്ന നേതാക്കൾ അനുയായികളെ തങ്ങൾക്ക് തോന്നിയപോലെ തെളിച്ചുകൊണ്ടുപോകുന്നതിൽ വിജയിക്കുന്നു. പക്ഷേ, സത്യത്തിനെതിരിൽ പട നയിച്ചാൽ നയിക്കുന്നവരും നയിക്കപ്പെടുന്നവരും ഒരുപോലെ ദൈവശിക്ഷക്കർഹരാവുമെന്ന് ഒരുവേള അവർ ചിന്തിക്കാറില്ല. നാളെ ദൈവസന്നിധിയിൽ ഇരുകൂട്ടരും പരസ്പരം തർക്കിക്കുമ്പോൾ, നിങ്ങൾ ഇപ്പോൾ തർക്കിക്കേണ്ടതില്ല, രണ്ട് കൂട്ടർക്കും ഒരു പോലെ ശിക്ഷയുണ്ട് എന്നായിരിക്കും അല്ലാഹുവിന്റെ മറുപടി.

ദുർന്യായങ്ങൾ പടച്ചുണ്ടാക്കി അനുയായികളെക്കൊണ്ട് വിശ്വസിപ്പിക്കുന്നതും അവർ അത് അന്ധമായി വിഴുങ്ങുന്നതും ഒരുപോലെ കുറ്റകരമാണെന്ന ബോധം നമ്മെ നയിക്കേണ്ടതാണ്. ഈ ഒരു വിവേകം പാലിക്കാത്തതിന്റെ ദൈവിക ശിക്ഷയാണ് സമൂഹം പലപ്പോഴും ഏറ്റുവാങ്ങേണ്ടി വരുന്നത്. ■